ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in

No.LSGD/PD/12100/2025-VIGB3 തീയതി: 13-05-2025

**കുറ്റാരോപണ മെമ്മോ**

താങ്കൾ, ശ്രീ. സാബു ബി.എ. ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലി നോക്കി വരവെ, അനധികൃത അവധിയിൽ തുടരുന്നത് സംബന്ധിച്ച വിഷയത്തിൽ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള ഗുരുതരമായ അച്ചടക്കലംഘനം, ചട്ടലംഘനം, കൃത്യവിലോപം, അധികാര ദുർവിനിയോഗം, മേലധികാരികളോടുള്ള നിഷേധാത്മക സമീപനം, സർക്കാർ സേവനത്തോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദ പത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്കനടപടികൾ തുടരുന്നതാണ്.

പരാമർശ വിഷയവുമായി ബന്ധപ്പെട്ട് രേഖകൾ എതിർവാദപത്രിക സമർപ്പിക്കുന്നതിന് നിശ്ചയിക്കുന്ന തീയതിക്ക് മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം, നിശ്ചയിക്കുന്ന തീയതിയിലും ടിയാളുടെ സാന്നിദ്ധ്യത്തിലും പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

കുറ്റാരോപണങ്ങളുടെ വിശദമായ ഒരു പത്രിക അനുബന്ധമായി ചേർക്കുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

PRINCIPAL DIRECTORATE ★ LOCAL SELF GOVT DEPARTMENT ★ THIRUVANANTHAPURAM

ശ്രീ. സാബു ബി.എ
**അസിസ്റ്റന്റ് സെക്രട്ടറി**
കൊന്നത്തടി ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേനെ)

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടർ, ഇടുക്കി.
(i. കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ ശ്രീ സാബു ബി.എ- യ്ക്ക് നൽകി പകർപ്പിൽ പേരും ഒപ്പും തിയതിയും രേഖപ്പെടുത്തി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
ii.ടിയാൻ എതിർവാദപത്രിക സമർപ്പിക്കുകയാണെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും സമയബന്ധിതമായി മറുപടി നൽകുന്നില്ലെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതുമാണ്.)

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No.LSGD/PD/12100/2025-VIGB3

തീയതി: 13-05-2025

DR. CHITHRA. S IAS
PEN : 719240
Principal Director
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

## കുറ്റാരോപണ പത്രിക

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ സാബു ബി.എ- യ്ക്കെതിരായ കുറ്റാരോപണങ്ങൾ.

1. വിദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബത്തോടൊപ്പം താമസിക്കുന്നതിനായി 24.09.2024 മുതൽ 12.03.2025 വരെ കേരള സർവീസ് റൂൾസ് അപ്പന്റിക്സ് XII C പ്രകാരം ശൂന്യവേതന അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് താങ്കൾ 23.07.2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ മെച്ചപ്പെട്ട തൊഴിൽചെയ്യുന്നതിന് വിദേശത്ത് പോകുന്നതിനായി 18.09.2007 മുതൽ 17.09.2012 വരെയും, 18.09.2012 മുതൽ 17.09.2017 വരെയും, 18.09.2017 മുതൽ 07.05.2018 വരെയും 10 വർഷവും 7 മാസവും 20 ദിവസവും കേരളാ സർവീസ് റൂൾസ് ഭാഗം 1 അനുബന്ധം XII A പ്രകാരം താങ്കൾക്ക് മുൻപ് ശൂന്യവേതന അവധി അനുവദിച്ച് നല്കിയിരുന്നതായി ബോധ്യപ്പെട്ടിരുന്നു. കേരളാ സർവ്വീസ് റൂൾസ് ഭാഗം 1 അനുബന്ധം XII A, XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതന അവധി കാലയളവ് 05.11.2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ച് വർഷമായിരിക്കുമെന്ന് ധനകാര്യ വകുപ്പിൻറെ 30.12.2020-ലെ 83/2020/ധന നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. താങ്കൾക്ക് മുൻകാലങ്ങളിൽ കേരള സർവീസ് റൂൾസ് ഭാഗം 1 അനുബന്ധം XII A പ്രകാരം 10 വർഷം ശൂന്യവേതന അവധി അനുവദിച്ച സാഹചര്യത്തിൽ കേരള സർവീസ് റൂൾസ് അപ്പന്റിക്സ് XII C പ്രകാരം ശൂന്യവേതന അവധി അനുവദിക്കുവാൻ സാധിക്കില്ലായെന്നുള്ള വിവരം അറിയിച്ച് താങ്കളുടെ അവധി അപേക്ഷ നിരസിച്ച് ഈ കാര്യാലയത്തിൽ നിന്നും 29-01-2025 തീയതിയിലെ LSGD/PD/32283/2024-DEB2 നമ്പർ കത്ത് പ്രകാരം താങ്കളെ അറിയിച്ചിരുന്നു. എന്നാൽ താങ്കൾ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 20/09/2024 മധ്യാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്നുവരുന്ന പ്രവർത്തി ദിനമായ 23.09.2024 തീയതിയിലേക്ക് ആർജ്ജിതാവധി അനുവദിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 24.09.2024 മുതൽ ഓഫിസിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയാണ്. ആയത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ അച്ചടക്കലംഘനമാണ്.

2 . കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 65 ൽ അവധി ഒരു ജീവനക്കാരന്റെ അവകാശമല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 113 ൽ ജീവനക്കാരൻ അവധിയിൽ പ്രവേശിക്കുമ്പോൾ ഫോറം നമ്പർ 13 ഇൽ അവധി അപേക്ഷ സമർപ്പിക്കണമെന്നും അവധി അനുവദിക്കുന്ന അധികാരി ആയതു അംഗീകരിക്കേണ്ടതായിട്ടും നിഷ്കർച്ചിട്ടുണ്ട്. താങ്കളുടെ കാര്യത്തിൽ അവധി അംഗീകരിച്ച ഉത്തരവാകാതെ താങ്കൾ അനധികൃതമായ അവധിയിൽ പോയിട്ടുള്ളതാണ്. ആയത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള മേലധികാരികളോടുള്ള നിഷേധാത്മക സമീപനവും സർക്കാർ സേവനത്തോടുള്ള അനാദരവും ചട്ടലംഘനവുമാണ്.

ഇപ്രകാരം നിയമാനുസരണം അവധി ലഭിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ അച്ചടക്കലംഘനവും, മേലധികാരികളോടുള്ള നിഷേധാത്മക സമീപനവും, ചട്ടലംഘനവും, കൃത്യവിലോപവും, അധികാര ദുർവിനിയോഗവും, സർക്കാർ സേവനത്തോടുള്ള അനാദരവുമാണ്.

മേൽ പരാമർശിച്ച ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദിയാണെന്ന് കണ്ട് താങ്കൾക്ക് എതിരെ ഈ കുറ്റപത്രം നൽകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

**കുറ്റപത്രത്തിനാധാരമായ രേഖകൾ:**

1. ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 27/03/2025 തീയതിയിലെ LSGD/JD/IDK/4775/2024-87 നമ്പർ റിപ്പോർട്ട്
2. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ DEB സെക്ഷനിൽ നിന്നുമുള്ള 07-04-2025 ലെ LSGD/PD/32283/2024-DEB2 നമ്പർ കുറിപ്പ്.